"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ഹോമിയോപ്പതി ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി സുജ എസ്.എസ്.-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് -അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.7/2026/AYUSH തീയതി, തിരുവനന്തപുരം, 06-01-2026

---

പരാമർശം:- (1) ശ്രീമതി സുജ എസ്. എസ്.സമർപ്പിച്ച 28/06/2021-ലെ അപേക്ഷ.

(2) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം-ന്റെ 13/02/2024-ലെ C3-563117/2023/ജി.മെ.ആ.-നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 13/03/2024, 27/02/2025, 29/08/2025 എന്നീ തീയതികളിലെ DHTVM/325/2023-A4 - നമ്പർ കത്തുകൾ.

**ഉത്തരവ്**

ഹോമിയോപ്പതി ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി സുജ എസ്.എസ്.-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി ചെലവായ 29,156/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ, പരാമർശം-(2) പ്രകാരം തിരുവനന്തപുരം ആരോഗ്യ ജില്ലാ മെഡിക്കൽ ആഫീസർ 12,915/- രൂപ അനുവദനീയത അറിയിച്ചിട്ടുണ്ടെങ്കിലും, ടിയാൾ ചികിത്സ തേടിയത് സ്വകാര്യ ആശുപത്രിയിലായതിനാൽ, അനുവദനീയമായ തുകയുടെ 80% കണക്കാക്കി അനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, ഹോമിയോപ്പതി ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി സുജ എസ്.എസ്.-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി ചെലവായ തുകയിൽ തിരുവനന്തപുരം ആരോഗ്യ ജില്ലാ മെഡിക്കൽ ആഫീസർ അനുവദനീയത അറിയിച്ച 12,915/- രൂപയുടെ 80% ആയ 10,332/- രൂപ (പതിനായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

**#ApprovedByDesignation#**

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം. (ബില്ലുകളും, അനുബന്ധരേഖകളും സഹിതം)
2. ശ്രീമതി സുജ എസ്.എസ്., ക്ലാർക്ക്, ഹോമിയോപ്പതി ഡയറക്ടറേറ്റ്, തിരുവനന്തപുരം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ലോൺസ്) വകുപ്പ് (17/11/2025-ലെ 3088484 : LNS-L8/107/2025-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/155/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 07-01-2026 10:52:16

സെക്ഷൻ ഓഫീസർ.